**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 698** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹിക വനവൽക്കരണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സാമൂഹിക വനവൽക്കരണ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** സാമൂഹിക വനവൽക്കരണ പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

**(ബി)** ഈ പദ്ധതിയിലൂടെ സമൂഹത്തിനുപകരിക്കുന്ന മരങ്ങൾ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സാമൂഹ്യ വനവത്കരണ വിഭാഗം നടപ്പിലാക്കുന്ന വിദ്യാവനം, നഗരവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, പരിഹാര വനവത്കരണം, നക്ഷത്രവനം, തീരവനം, സ്കൂൾ നഴ്സറി യോജന, ട്രീ ബാങ്കിംഗ്, ബട്ടർഫ്ളൈ പാർക്ക്, തൈ ഉത്പാദനവും വിതരണവും തുടങ്ങിയ പ്രവർത്തികളിലൂടെ പൊതുജനങ്ങൾക്കായി തദ്ദേശീയ വൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, തടി ഉത്പാദനത്തിന് ഉതകുന്ന വൃക്ഷങ്ങൾ തുടങ്ങിയ സമൂഹത്തിനുപകരിക്കുന്ന വിവിധ ഇനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വ്യാപകമാക്കുന്നതിനുള്ള നടപടികൾ സാമൂഹ്യ വനവത്കരണ വിഭാഗം ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**